ഒരിടത്തുമുറയ്ക്കാതെ മനുഷ്യൻ അലഞ്ഞുനടന്നകാലത്ത്, മഴപ്പാറ അടക്കാൻ, അവർക്ക് അന്നന്നായി ഉറങ്ങിക്കിടക്കാനുള്ളതായിരുന്നു വീട്. ഉപേക്ഷിച്ചുപോരാനുള്ളതായിരുന്നു. ആ വീട് തിരിച്ചുവരാനുള്ളതായിരുന്നില്ല. മരിച്ചവരുടെ കുന്നാരത്തിൽനിന്ന് മോഹൻജൊദാരോ എന്ന വാക്കുണ്ടായതുപോലെ...

ഇന്ന് വീടിന്റെ മനോഹരമായ നിർവചനങ്ങളിലൊന്ന് തിരിച്ചുവരാനുള്ള ഇടം എന്നാണ്. എത്രയെങ്ങു മറിച്ചുപോയ ആൾത്തിരക്കിന്റെ നഗരങ്ങളിൽനിന്നും, നാലു ചുവരിന്റെയും മേൽക്കൂരയുടെയും ശാന്തിയിലേക്ക്, ഗ്രാമത്തിലേക്കും, അമ്മയിലേക്കുമുള്ള തിരിച്ചുവരവുതന്നെയാണിത്.

സമ്മതിക്കാം, നമ്മുടെ ഈ കാലത്ത് തിരിച്ചുവരാനുള്ള ഇടം തന്നെയാവണം വീട്. എന്നാൽ വരുംകാലത്തോ... എന്തിലേക്കാവും ഒരാൾ തിരിച്ചുവരിക? കുറേ വർഷം കഴിയുമ്പോൾ നാം തിരിച്ചുവരാൻ ആ നാട്ടിലെ അറ്റമില്ലാത്ത പാടവരമ്പുകളും ശാരദാകാശത്തിലെ അസ്തമയപ്പക്ഷികളുമൊക്കെ ശേഷിക്കുമോ, ഗൃഹാതുരത തന്നെ ശേഷിക്കുമോ?

## അടുത്ത മുറിയിലേക്ക് എത്രയോ ദൂരം

ഇപ്പോൾതന്നെ ലോകം ഒരുപാടു മാറിക്കഴിഞ്ഞു. ആശയങ്ങൾ മാറി. ആവശ്യങ്ങൾ മാറി. ജീവിതത്തിന്റെ അർഥം തന്നെ മാറി. രണ്ടു വ്യക്തികൾ തമ്മിൽ കണ്ടാലറിയാതായി. ഒന്നും മിണ്ടാതായി. തിരക്ക്. കുടുംബങ്ങൾ ചെറുതായി. കുടുംബത്തിന്റെ നിർവചനം മാറി. അച്ഛനുമമ്മയും മക്കളും. വൃദ്ധസദനത്തിലേക്കു മാസത്തിലൊരിക്കലെങ്കിലും പണവും രാമായണത്തിന്റെ



പുതിയ പതിപ്പും ചിരിയുമായി പോവേണ്ടേ! ഗൃഹനാഥനായ മകൻ ചിന്താകുലനാണ്. ആ ചെറുകുടുംബത്തിന്റെ ഹൃദയം മിടിക്കുന്നത് അണുബോംബിന്റെ മിടിപ്പുപോലെ. ഇതും വൈകാതെ പൊട്ടിത്തെറിക്കുമോയെന്ന് ആശങ്ക. കുറേക്കഴിയുമ്പോൾ അച്ഛനും അമ്മയ്ക്കും പ്രായമാകും. വീടിന്റെ പൂമുഖത്തു തുറന്നിരിക്കുന്ന രണ്ടു ജോഡി കണ്ണുകൾ. കാത്തിരിപ്പിന്റെ കാലമാണിനി. ദൂരേക്കു പോയ മക്കൾ തിരിച്ചുവരാത്തതെന്ത്? അവർക്കുള്ള അത്താഴം ആറിത്തണുക്കുന്നതെന്ത്?

ആളുകൾ മാറി. അതനുസരിച്ചു വീടുകളും.

അച്ഛനുമമ്മയ്ക്കുമിടയിൽ ഇടിച്ചുസ്ഥലമുണ്ടാക്കി ഉറങ്ങാനിടമുണ്ടാക്കുന്ന ആ പഴയ പത്തുവയസ്സുകാരി ഇപ്പോൾ ആധുനികബാലികയുടെ ഉറപ്പുള്ള സ്വരത്തിൽ അച്ഛനുമുന്നിൽ ആവശ്യം പറയുന്നു: പുതിയ വീടു പണിയുമ്പോൾ എനിക്കൊരു മുറിവേണം. നിങ്ങളുടെ കിടപ്പുമുറിയിൽനിന്നു ദൂരെ...

വരുംകാലത്തെ വീട്. ആ വീടിനും മുറികളുണ്ടാവും. ഒരുപാടു സ്വകാര്യതയും തെളിച്ചവും വലിപ്പവുമുള്ള മുറികൾ. പക്ഷേ ഓരോ മുറിയും ഓരോ വീടായിരിക്കും. ആളുകൾ തമ്മിൽ ഇപ്പോഴുള്ളതിലും എത്രയോ ഇരട്ടി ദൂരക്കൂടുതലുണ്ടാവും. രണ്ടു മുറികൾക്കിടയ്ക്കുള്ള ആ ദൂരം നടന്നുതീർക്കാൻ ആർക്കാവും?

വരുംകാലത്തിന്റെ പ്രതീക്ഷയിലും രണ്ടു മുറികൾക്കിടയ്ക്കുള്ള ദൂരം നമ്മെ ആശങ്കപ്പെടുത്തുന്നുണ്ട്. ഒന്നിനും നിശ്ചയമില്ലാത്ത ആ ഭാവികാലത്തിലേക്കു നോക്കി, ആ കാലത്തെ വീടിനെക്കുറിച്ചുള്ള ചില സ്വപ്നങ്ങളും ആശങ്കകളും പ്രതീക്ഷകളും വിചാരങ്ങളും പങ്കിടുകയാണ് കേരളത്തിലെ നാലു പ്രശസ്ത ആർക്കിടെക്ടുമാർ.

ചില കാര്യങ്ങളിൽ അവർ യോജിക്കുകയും മറ്റു ചിലയിടങ്ങളിൽ വിയോജിക്കുകയും ചെയ്യുന്നു. ഈ വിചാരങ്ങളിൽനിന്നു നാളെയുടെ വീട് ഇങ്ങനെയായിരിക്കുമെന്നു നമുക്കു പറയാനാവില്ല. പക്ഷേ ഇവർ മുന്നോട്ടുവയ്ക്കുന്ന ചില ആശയങ്ങളിൽ പ്രവചനാത്മകമായ ചില തെളിച്ചങ്ങൾ കാണാതിരിക്കാനും വയ്യ.

# സ്വപ്നത്തിന്റെ പാഠാവലി



**ജി. ശങ്കർ**
**(ഹാബിറ്റാറ്റ്, തിരുവനന്തപുരം)**

സ്വപ്നദർശനംപോലെയാണു മുന്നിൽ നാളെയുടെ വീടു തെളിയുന്നത്. പഠിച്ചറിഞ്ഞ പാഠാവലിയുടെ അടിസ്ഥാനത്തിൽ ഭാവനയും സർഗാത്മകതയുംകൊണ്ടാണ് ആ ഭാവിവീട്ടിലേക്കു നോക്കേണ്ടതും.

കഴിഞ്ഞ ഇരുപത്തഞ്ചു വർഷംകൊണ്ടു കമ്യൂണിറ്റി തലത്തിൽനിന്നു ന്യൂക്ലിയർ തലത്തിലേക്കു നാം മാറിമറിഞ്ഞു. ഓരോ വ്യക്തിയും ഓരോ ദ്വീപായി. വീട്ടിലെ ഓരോ മുറിയും ഓരോ വീടായി. ഒരുപാട് അറകളുള്ള മനസിന്റെ ബഹുസ്വരതപോലെ... ഓരോരുത്തരും അവനവനിലേക്കു കൂടുതൽ ചുരുങ്ങുകയും ഉൾവലിയുകയും ചെയ്തു.

ഈ സമകാലീന അവസ്ഥയിൽനിന്നു നോക്കുമ്പോൾ വരുംകാലത്ത് വീട് ഒരു അഭയസ്ഥാനമാണെന്ന സങ്കൽപം ദുർബലമാവുമെന്നു തോന്നുന്നു. റിട്ടയർ ചെയ്തു നാട്ടിലേക്കെത്തുന്നവരുടെ എണ്ണം കൂടുതലാവുകയാണ്. നാട്ടിൽ പോവാത്ത വലിയ ഇടവേളകളിൽ കാരണമില്ലാതെ അസ്വസ്ഥരാവുന്ന ഏറെപ്പേരെ കണ്ടിട്ടുണ്ട്.

സത്യത്തിൽ, വരുംകാലത്ത് ഗ്രാമത്തിലേക്കു മാത്രമാവില്ല ഈ 'ഇൻവേഴ്സ് മൈഗ്രേഷൻ'. ചെറുനഗരങ്ങളിലേക്കും പ്രാന്തപ്രദേശങ്ങളിലേക്കും ആളുകൾ തിരിച്ചുപോവും. യൂറോപ്പിലും യു. എസിലുമൊക്കെ ഇപ്പോൾത്തന്നെ ഈ അവസ്ഥയായിക്കഴിഞ്ഞു. മഹാനഗരത്തിരക്കിൽ നിന്നൊഴിഞ്ഞാണ് അവർ വീടു കണ്ടെത്തുന്നത്. രാവിലെയും വൈകിട്ടും ഒരു തീവണ്ടിയാത്ര വേണ്ടിവരുമെങ്കിലെന്ത്? പച്ചപ്പുള്ള പ്രകൃതി, മായമില്ലാത്ത ഭക്ഷണം, ശുദ്ധവായുവും വെള്ളവും...

വീട് ശാന്തിയാണെന്ന്, അതിലേക്ക് എത്ര ദൂരമുണ്ടെങ്കിലും, വരുംകാലത്ത് ആളുകൾ തിരിച്ചറിയും.

## ദോശയുടെ മണം

കാലം മാറുകയാണ്. മാറുന്ന ആവശ്യങ്ങൾ; മാറുന്ന ജീവിതരീതികൾ. വീടിന്റെ കാര്യത്തിൽ ഇപ്പോൾത്തന്നെ നമുക്കുണ്ടായ ചില മാറ്റങ്ങളുണ്ട്. സ്റ്റോറും വർക്ക് ഏരിയയും ഇതിനകം അപ്രത്യക്ഷമായിക്കഴിഞ്ഞു. അടുക്കളയിൽത്തന്നെ സ്റ്റോറേജിനുള്ള സ്ഥലം കണ്ടെത്തുകയാണ്. ശേഖരിച്ചുവയ്ക്കാൻ ഒന്നുമില്ലാത്ത ഒരു കാലത്ത് അതിനായി ഒരു മുറിയെന്തിന്. ഉപയോഗിച്ചുകഴിഞ്ഞതും ഉപയോഗമില്ലാത്തതുമായ കാര്യങ്ങൾ അപ്പപ്പോൾ നാം ദൂരെക്കളയുന്ന ഇക്കാലത്ത്.

പഴയ അടുക്കളയുടെ പുകപിടിച്ച ചുമരുകൾക്കും മീൻമണത്തിനും പകരം പുതിയ മോഡുലാർ കിച്ചൻ സ്ഥാനം പിടിച്ചു. കാരണം അടുക്കള ജോലിക്കാരിക്കു പകരം അവിടെ വീട്ടമ്മ പാചകത്തിനു കയറിക്കഴിഞ്ഞു. വീട്ടമ്മയുടെ അടുക്കള പാവ

ഫീച്ചർ

# കേരളത്തിന്റെ നാളെയുടെ വീട്

മാറുന്ന സാമൂഹിക ചുറ്റുപാടുകളിൽ കേരളത്തിൽ നാളത്തെ വീടുകൾ എങ്ങനെയായിരിക്കും?
പ്രമുഖ ആർക്കിടെക്റ്റുകൾ ജി. ശങ്കർ, ആർ.കെ. രമേഷ്, ടി.എം. സിറിയക്, പ്രൊഫ. യൂജിൻ പണ്ടാല എന്നിവരുടെ സങ്കല്പങ്ങൾ...



വായിച്ചു തുടങ്ങുന്നതിനു മുൻപ്, പുറത്തേക്കിറങ്ങി നിങ്ങളുടെ വീടിനെ ഒരു നിമിഷം നോക്കുക.

ഒരിക്കൽ നിങ്ങൾ കണ്ട സ്വപ്നത്തിന്റെ സാക്ഷാത്കാരമാണത്: വീട്. ഇനി ഒരു കാര്യം ആലോചിക്കുക: അൻപതു വർഷം കഴിഞ്ഞ്, പോട്ടെ, ഇരുപത്തിയഞ്ചു വർഷം കഴിഞ്ഞ് ഈ വീട് ഇങ്ങനെത്തന്നെയുണ്ടാവുമോ?

അഥവാ, ഇപ്പോൾ ഈ വീട് നിൽക്കുന്ന ഇടത്ത് മറ്റൊരു വീടായിരിക്കുമോ, നിങ്ങളുടെ മക്കളുടെ സ്വപ്നത്തിന്റെ വീട്?

അല്ലെങ്കിൽ നിങ്ങൾക്കിപ്പോഴറിയാത്ത മറ്റാരെങ്കിലും പണിതീർക്കുന്ന വീട്? എങ്കിൽ ആ വീട് എങ്ങനെയായിരിക്കും?

ആ വീടു സ്വീകരിക്കുന്ന രൂപത്തെക്കുറിച്ചു ഇപ്പോൾ വ്യക്തമായി പറയാനാവാത്ത സാഹചര്യത്തിൽ അങ്ങനെയൊരു നവീന ആശയമുയർത്തുന്ന സാധ്യതകളെക്കുറിച്ചാണ് ഈ വിചാരങ്ങൾ.

നാളെയുടെ ആ വീട്ടിലേക്ക് ഒരു സ്വപ്നസഞ്ചാരം...

## ഒടുവിൽ നിർവചനം ശേഷിച്ചു

'The house is a machine for living in.'

ആർക്കിടെക്ചറിന്റെ നവപ്രഖ്യാപനരേഖയെന്നു കരുതാവുന്ന Towards a new Architecture എന്ന പുസ്തകത്തിലൂടെ 1927–ലാണ് ലെ കോർബ്യുസിയേ ഇങ്ങനെ പ്രഖ്യാപിച്ചത്. ആധുനിക ആർക്കിടെക്ചറിന്റെ സൂചികകൾ വച്ച്, വീടിനെ നിർവചിക്കുകയായിരുന്നു അദ്ദേഹം. ഈ നവപ്രഖ്യാപന പുസ്തകം പിൽക്കാലത്തു പണി തീർത്ത എല്ലാ നല്ല കെട്ടിടങ്ങളുടെയും രൂപത്തെയും സ്വഭാവത്തെയും സ്വാധീനിച്ചു. ഇപ്പോഴും സ്വാധീനം തുടരുന്നു.

അല്ല, പറഞ്ഞുവരുന്നതു പഴയ നിർവചനങ്ങളെക്കുറിച്ചല്ല. ഭൂമി ഋതുക്കളെ വിശ്വസിച്ചിരുന്ന കാലത്തെക്കുറിച്ചുമല്ല. ഇനിയും നിർവചിക്കാത്ത ആ വീടിനെക്കുറിച്ചാണ്.

ഒരിക്കൽ വീട് നിർവചനങ്ങളുടേതായിരുന്നു.

ശമാണ് അടുക്കളയെ അടിമുടി സുന്ദരിയാക്കിയത്. അടുക്കള ഒരു വർക്ക് സ്പെയ്സ് ആയി മാറിക്കഴിഞ്ഞു. ഭാവനയും സൂക്ഷ്മതയും ആവശ്യപ്പെടുന്ന രുചി പരീക്ഷണങ്ങൾ നടക്കേണ്ട ശാലയാണല്ലോ അത്. ഭാവിയുടെ വീട്ടിൽ അടുക്കളയും ഭക്ഷണമുറിയും തമ്മിലുള്ള അകലം ഇനിയും കുറയുമെന്നുതന്നെ കരുതാം. അടുക്കളയിൽ പണിത ചെറിയ ഭക്ഷണമേശയിൽ നിരത്തിയ പ്ലേറ്റിലേക്കു ചൂടുചൂടെ ദോശവീഴുന്ന ശബ്ദം ഇപ്പോൾതന്നെ നാം കേൾക്കുന്നുണ്ടല്ലോ. ചൂടുള്ള ദോശയ്ക്ക് അമ്മയുടെ വാത്സല്യത്തിന്റെ മണമാണ്... വരുംകാലത്ത് ഭക്ഷണമുറിതന്നെ ഇല്ലാതാവും.

ഇപ്പോൾതന്നെ ടിവി സ്വീകരണമുറിയെ, വീടിനെത്തന്നെയും ഏറ്റവും ശക്തമായി നിർണയിക്കുന്ന ഘടകമായി മാറിക്കഴിഞ്ഞു. രണ്ടാമത്തെ ടിവിക്കും രണ്ടാമത്തെ കാറിനും ഭാവിയിലെ ആ വീട്ടിൽ ഇടം കണ്ടെത്തേണ്ടിവരും.

വെള്ളത്തിന്റെയും വൈദ്യുതിയുടെയും തൊട്ടാൽപൊള്ളുന്ന ബില്ലുകൾ വരുംകാലത്തെ ആ വീടിന്റെ നിർമാണത്തെ സ്വാധീനിക്കും. വെള്ളവും വെളിച്ചവും ആർഭാടമായി മാറുന്ന കാലമാണിനി വരുന്നത്. അപ്പോഴെന്തു ചെയ്യും? വെള്ളവും വൈദ്യുതിയും മിതമായി ഉപയോഗിക്കപ്പെടാവുന്ന രീതിയിലാവും ഭാവി



വീടുകൾ രൂപകൽപന ചെയ്യുക. ആ രൂപകൽപനയിൽ സൂര്യവെളിച്ചവും കാറ്റും യഥേഷ്ടം ലഭിക്കാനുള്ള സംവിധാനങ്ങൾക്കു പ്രസക്തിയുണ്ടാവും. ഫാനും ബൾബുകളും കുറയ്ക്കാൻ ഇതാണു പോംവഴി. ഊർജം കഴിയുന്നതും കുറച്ച് ഉപയോഗിക്കേണ്ട അവസ്ഥയിലേക്കു നീങ്ങാൻ കാലം നമ്മെ നിർബന്ധിക്കുമ്പോൾ, പാരമ്പര്യേതര ഊർജസ്രോതസ്സുകളിലേക്കുള്ള തിരിച്ചുപോക്കും എളുപ്പത്തിൽ സാധ്യമാവും.

ആഗോളവൽക്കരണം ഒരുവശത്തു കുറച്ചു സമ്പന്നരെ സൃഷ്ടിക്കുന്നുണ്ടെങ്കിലും അതിലുമെത്രയോ കൂടുതൽ ദരിദ്രരെയും ഇവിടെയുണ്ടാക്കുന്നു. പുറമ്പോക്കിൽ താമസിക്കേണ്ടിവരുന്നവരുടെ എണ്ണം വരുംകാലത്തു ഞെട്ടിപ്പിക്കുന്ന രീതിയിലേക്കു വളരുമെന്നതിൽ സംശയമില്ല.

ചെലവു കുറഞ്ഞ വീടുകൾ അന്ന് ആവശ്യംതന്നെയായി മാറും. വീടിന്റെ വലിപ്പം കുറയ്ക്കുന്നതിലൂടെ ജീവിതത്തിന്റെ താളം ക്രമപ്പെടുത്താമെന്നു സമ്പന്നർപോലും കരുതുന്ന കാലമാവും വരാൻപോവുന്നത്. കൂടുതൽ ചെലവുകുറഞ്ഞ വീടുകൾ കെട്ടാൻ ആളുകൾ നിർബന്ധിതരാവും.

ബുദ്ധിമാന്മാരായ ധനികർ ചെറിയ വീടുകളിലേക്കു മാറും. മണ്ടന്മാർ വലിയ വീടുവച്ച് ദുരിതജീവിതം നയിക്കും. വിയർക്കും.

കോൺക്രീറ്റ് കുറയ്ക്കാൻ ബദൽ സംവിധാനമുണ്ടാക്കേണ്ടതു കാലത്തിന്റെ ആവശ്യമാണ്. മണ്ണ് ഒരു സാധ്യതയാണെങ്കിലും കോൺക്രീറ്റിനൊരു ബദൽ നാം കണ്ടെത്തുകതന്നെ ചെയ്യും.

## മനസ്സിന്റെ അവകാശങ്ങൾ

വാസ്തുവിലുള്ള ആളുകളുടെ വിശ്വാസം കൂടിവരികയാണ്. ഇപ്പോഴുള്ള അമിത വിശ്വാസം അവിശ്വാസത്തിലേക്കും നിരാകരണത്തിലേക്കും പോവുമെന്നുതന്നെയാണു പ്രതീക്ഷ.

നേർരീതിയല്ലാത്ത സമീപനങ്ങളും വ്യാഖ്യാനവും കാലം കൈമാറിയ ഈ ശാസ്ത്രത്തെ ജനങ്ങളിൽനിന്നകറ്റും. വിശ്വാസങ്ങളുടെ പേരിൽ എന്തിനെയും തള്ളിവിടുന്ന ഇപ്പോഴത്തെ രീതി മാറണം. വാസ്തുവിന്റെ ശാസ്ത്രീയ അടിത്തറ ഇതുവരെയും കണ്ടെത്തിയിട്ടില്ലെന്നു കൂടി ഓർക്കുക. അതു നമ്മുടെ പാരമ്പര്യം കൂടിയാണെന്ന് ഓർക്കണം. വാസ്തുവിനെ മതവിശ്വാസവുമായി കലർത്തുന്നതും ദോഷകരമായി ഭവിക്കും.

ഭാവിയിലെ ആ വീട്ടിൽ, ഭൗതികമായ ആവശ്യങ്ങളെക്കാൾ അതിഭൗതികമായ (മെറ്റാഫിസിക്കൽ) ആവശ്യങ്ങൾക്കാവും പ്രാധാന്യം. വീടിന്റെ മൂലകൾക്കും കോണുകൾക്കും സ്വകാര്യമായ ഇടങ്ങൾക്കും അതുവരെയില്ലാത്ത പ്രാധാന്യം കൈവരും. പ്രണയിക്കാൻ, സ്വപ്നം കാണാൻ, ആകാശം കാണാൻ, നൃത്തം ചെയ്യാൻ, മദ്യപിക്കാൻ, സ്വകാര്യം പറയാൻ, ചങ്ങാത്തം കൂടാൻ, വെറുതെയിരിക്കാനുമൊക്കെ ആ വീട്ടിൽ പ്രത്യേകം പ്രത്യേകം ഇടങ്ങൾ കാണും. കിടപ്പുമുറിയും ടോയ്‌ലറ്റും മാത്രം ഈ രൂപത്തിൽ നിലനിൽക്കുമെന്നു തോന്നുന്നു. കിടപ്പുമുറിയിൽ വർക്ക് ഏരിയയ്ക്കു കൂടുതൽ പ്രാധാന്യം വരും. കംപ്യൂട്ടർ ആ മുറിയുടെ അവശ്യഘടകമായി മാറിയേക്കാം.

## അരാജകത്വവും അപനിർമാണവും

ഇരുപതിയഞ്ചോ അൻപതോ വർഷം കഴിഞ്ഞുള്ള ആ വീടിനു പുതിയ ജ്യാമിതീയ ഘടനയാവുമെന്ന കാര്യത്തിൽ സംശയമില്ല. നിർമിതിയുടെ അരാജകത്വമുണ്ടാവും. ആ വീടിന് അപനിർമാണത്തിന്റെ അഴകും. കണ്ടുശീലിച്ച ചതുര–ദീർഘചതുരങ്ങളിൽനിന്നു മാറി ആ ഭാവിവീട് പുതിയ ഘടന കൈക്കൊള്ളും. സ്പെയിനിലെ മ്യൂസിയത്തിൽ ഫ്രാങ്ക് ജെഹ്റിയുടെ ചില മോഡലുകൾ കാണാം. അപനിർമാണത്തിന്റെ ആനന്ദനടനം തന്നെയാണവ. ചുളുക്കിയിട്ട സിഗരറ്റ് ഫോയിൽപോലെയുള്ളവ ആ നിർമിതികളുടെ കൂട്ടത്തിലുണ്ട്.

അതെ, വരുംകാലത്തെ വീടുകൾ നമ്മുടെ ഭാവനയുടെ സാധ്യതകളെയും ചൂഷണം ചെയ്യുന്നു. അക്കാലത്തെ വീടുകൾക്കു ചിലപ്പോൾ ചലിക്കാനായേക്കാം. ഇംഗ്ലണ്ടിൽ, ചലിക്കുന്ന അവധിക്കാല വീടുകൾ ഇപ്പോൾതന്നെയുണ്ട്. അങ്ങനെയുള്ള വീടുകളെ കാരവനിൽ ഘടിപ്പിച്ച്, മലയുടെ താഴ്‌വാരങ്ങളിലേക്കും കടൽതീരം അതിരിടുന്ന മണൽപ്പരപ്പുകളിലേക്കും കൊണ്ടുപോകാം. ഒരു രാത്രി കടലിന്റെ താളം കേട്ട് ഉറങ്ങുന്ന കുട്ടി, പിറ്റേന്നു പുലർച്ചെ കാടിന്റെ പച്ചപ്പിലേക്കും കിളിയൊച്ചകളിലേക്കും ഉണരുമെന്നതു സങ്കൽപ്പിക്കുക. എന്തൊരു അവധിക്കാലമാവുമത്. കലണ്ടർ താളുകൾപോലെ സ്വപ്നത്തിന്റെ ഒരു മായക്കാഴ്ചയിൽനിന്നു മറ്റൊന്നിലേക്കു മാറുന്ന ദിവസങ്ങൾ...

*പകൽ സ്വപ്നം കാണുന്ന വീട് രാത്രിനേരത്തു പറന്നുപറന്നു മേഘങ്ങളിലിരിക്കാനിടതേടുന്നതിനെക്കുറിച്ചു ഖലീൽ ജിബ്രാൻ എഴുതിയിട്ടുണ്ട്.*

*വരുംകാലത്തു ഭൂമിയിലെ സ്ഥലം കുറഞ്ഞുകുറഞ്ഞു വരുമ്പോൾ ആത്മാവുള്ള ചില വീടുകൾ സഞ്ചരിച്ചേക്കാം, ആകാശത്തേക്കു പറന്നേക്കാം...*

(ഈ ഭ്രാന്തൻ സങ്കൽപ്പത്തിനുതന്നെ എന്തൊരു രസം.?)